BUSINESS MAGAZINE

MANAGEMENT
മാനേജ്മെന്റ്




ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*


# വലിയ നേട്ടത്തിന് ഉയർന്ന റിസ്ക് എടുക്കണോ?

**റിസ്കും റിവാർഡും തമ്മിലുള്ള ബന്ധത്തെ കുറിച്ച് സംരംഭകർക്കുള്ളത് തെറ്റായ ധാരണ**

റിസ്കും അതിന്റെ നേട്ടവും തമ്മിലുള്ള ബന്ധത്തെ സാധാരണയായി നിർവചിക്കുക ഇങ്ങനെയാണ്; നിക്ഷേപ തത്വം അനുസരിച്ച് 'റിസ്ക് കൂടുമ്പോൾ നേട്ടത്തിനുള്ള സാധ്യതയും കൂടുന്നു.'

ഇത് എല്ലായ്പ്പോഴും ശരിയാണോ?

സംരംഭകത്വവുമായി ബന്ധപ്പെട്ട ചില സാഹചര്യങ്ങളിൽ ഇത് മറിച്ചാണെന്നാണ് ഞാൻ കരുതുന്നത്. അതായത്, റിസ്ക് കുറഞ്ഞിരിക്കുമ്പോൾ നേട്ടത്തിനുള്ള സാധ്യത ഉയർന്നതാകുന്നു.



റിസ്ക് കൂടുമ്പോൾ നേട്ടം കൂടാനുള്ള സാധ്യതയേറുന്നു എന്ന റിസ്ക്-റിവാർഡ് സംബന്ധിച്ച സാധാരണ സിദ്ധാന്തം ഒന്നു പരിശോധിക്കാം.

ഒരാൾ രണ്ട് വ്യത്യസ്ത സംരംഭങ്ങൾക്കായി 100 രൂപ വീതം നിക്ഷേപിക്കുന്നു എന്ന് സങ്കൽപ്പിക്കുക. ആദ്യത്തേക്ക് ഉയർന്ന റിസ്കും ഉയർന്ന നേട്ടവും ഉള്ള സംരംഭമാണ്. 700 രൂപ വരെ നേട്ടമുണ്ടാക്കാനാവുന്നതാണ് അത്. എന്നാൽ വിജയ സാധ്യതയാകട്ടെ 10 ശതമാനം മാത്രവും. മറ്റേത് കുറഞ്ഞ റിസ്കും ഉയർന്ന നേട്ടവും നൽകുന്ന സംരംഭമാണ്. ഇവിടെ നേട്ടമായി ലഭിക്കുക 100 രൂപയാണ്. എന്നാൽ വിജയ സാധ്യത 80 ശതമാനമുണ്ട്.

ചിത്രം ഒന്ന് കാണുക.

*Figure 1: Normal Risk-Reward Chart*

| Risk | Reward | Original + Reward | Probability of Success |
|---|---|---|---|
| 100 | 700 | 800 | 10% |
| 100 | 100 | 200 | 80% |

എന്തുകൊണ്ടാണ് പല സംരംഭകരും വലിയ റിസ്ക് എടുക്കാൻ തയാറാകുന്നതെന്ന് മുകളിലെ കണക്കുകൾ നോക്കുമ്പോൾ മനസിലാകും. അതിലൂടെ ക്രമാതീതമായ നേട്ടം അവർക്ക് ലഭിക്കുന്നു എന്നതുതന്നെ കാരണം. എന്നാൽ ദൗർഭാഗ്യവശാൽ ഈ സംരംഭകരിൽ ഭൂരിഭാഗത്തിനും സംരംഭം വിജയിപ്പിക്കാനാകുന്നില്ല. വിജയസാധ്യത വളരെ കുറവാണെന്നതിനാൽ 90 ശതമാനം സംരംഭങ്ങളും പരാജയപ്പെട്ടുപോകുകയാണ്.

ഈ സാഹചര്യവുമായി ബന്ധപ്പെട്ട് എനിക്ക് തോന്നുന്ന ഒരു പ്രശ്നം, നേട്ടം ലഭ്യമാകാൻ ജീവിതത്തിൽ ഒരു അവസരം മാത്രമേ ഉള്ളൂ എന്ന് ഇത് സൂചിപ്പിക്കുന്നതായി തോന്നുന്നു എന്നതാണ്.

## ശരിക്കും അങ്ങനെയാണോ?

ഒരു സംരംഭകന് നേട്ടം ഉണ്ടാക്കാൻ എത്ര അവസരങ്ങൾ ലഭ്യമാകും? മിക്ക സംരംഭകരും വർഷങ്ങളോളം ബിസിനസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോൾ അവർക്ക് നേട്ടമുണ്ടാക്കാൻ നിരവധി അവസരങ്ങൾ ലഭ്യമാകുമെന്നാണ് എന്റെ വിശ്വാസം.

അതുകൊണ്ട് ഒരു സംരംഭകൻ, 80 ശതമാനം വിജയസാധ്യതയുള്ള കുറഞ്ഞ റിസ്കും കുറഞ്ഞ നേട്ടവുമുള്ള സംരംഭം നിക്ഷേപത്തിനായി തിരഞ്ഞെടുക്കുമ്പോൾ 100 രൂപ നേട്ടമായി ലഭിക്കുന്നു. ഇങ്ങനെ കയ്യിലുള്ള 100 രൂപയും നേട്ടമായി ലഭിച്ച 100 രൂപയും കൂടി ആകെ 200 രൂപ സമാനമായ കുറഞ്ഞ റിസ്കും കുറഞ്ഞ നേട്ടവുമുള്ള സംരംഭത്തിൽ വീണ്ടും നിക്ഷേപിക്കുമ്പോൾ 80 ശതമാനം വിജയസാധ്യതയോടെ 200 രൂപ നേട്ടമായി ലഭിക്കും.

പിന്നീട് തന്റെ കയ്യിലുള്ള 400 രൂപ കുറഞ്ഞ റിസ്കും കുറഞ്ഞ നേട്ടവുമുള്ള മൂന്നാമത്തെ സംരംഭത്തിൽ നിക്ഷേപിക്കുമ്പോൾ 80 ശതമാനം വിജയസാധ്യതയുമായി 400 രൂപ നേട്ടമുണ്ടാക്കാനാകുന്നു.

ഇതിനർത്ഥം, കുറഞ്ഞ റിസ്കും കുറഞ്ഞ നേട്ടവുമുള്ള മൂന്ന് സംരംഭങ്ങളിൽ നിക്ഷേപിച്ച സംരംഭകന് ഉയർന്ന വിജയസാധ്യതയോടു കൂടി തന്നെ ചിത്രം രണ്ടിൽ കാണുന്നതു പോലെ 700 രൂപ ഉണ്ടാക്കാനാകുന്നു.

*Figure 2: Risk-Reward Chart - Multiple Attempts*

| Attempt Number | Risk | Reward | Original + Reward | Probability of Success |
|---|---|---|---|---|
| Attempt 1 | 100 | 100 | 200 | 80% |
| Attempt 2 | 200 | 200 | 400 | 80% |
| Attempt 3 | 400 | 400 | 800 | 80% |

ഉയർന്ന റിസ്കും ഉയർന്ന നേട്ടവും എന്ന തീരുമാനം ഒരു ചൂതാട്ടം പോലെയാണെന്നാണ് എനിക്ക് സംരംഭകരോട് പറയാനുള്ളത്. ചൂതാട്ടം മോശമാണെന്നും അതിന് അടിമപ്പെട്ടവരെ സമൂഹത്തിൽ നിന്ന് അകറ്റി നിർത്തപ്പെടുമെന്നും നമുക്കെല്ലാം അറിയാം.

ബിസിനസ് നടത്തിപ്പിൽ പല സംരംഭകരും ചൂതാട്ടത്തിന് അടിമപ്പെട്ടവരെ പോലെ പ്രവർത്തിക്കുന്നു എന്നതാണ് അത്ഭുതം. അതിനുള്ള കാരണം, വലിയ റിസ്ക് എടുത്ത് സംരംഭം വളർത്തിയ ഏതാനും സംരംഭകരുടെ വിജയം അവർക്ക് മുന്നിലുണ്ട് എന്നതാണ്. വലിയ റിസ്ക് എടുത്ത് സംരംഭം വിജയിപ്പിച്ച ആളുകളെ പോലെ തന്നെ വലിയ റിസ്ക് എടുത്ത് പരാജയപ്പെട്ട ആയിരക്കണക്കിന് സംരംഭകരും ഉണ്ടെന്ന് സംരംഭകർ മനസിലാക്കണം.

വിജയം ഉയർന്ന റിസ്ക് എടുക്കുന്ന സംരംഭകർക്ക് ഒപ്പമായിരിക്കണമെന്നില്ല. ■


